ഭരണഭാഷ-മാതൃഭാഷ

നം. WCD-D3-3357/2021

വനിതശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 23.01.2021
ഇ-മെയിൽ directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

## സർക്കുലർ

വിഷയം:- വനിത ശിശു വികസന വകുപ്പ് – ഡയറക്ടറേറ്റ് - രക്തസാക്ഷിദിനം - ഇൻഡ്യയുടെ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് ജീവൻ വെടിഞ്ഞവരുടെ സ്മരണാർത്ഥം 30-01-2021-ന് 2 മിനിട്ട് മൗനം ആചരിക്കുന്നത് - സംബന്ധിച്ച്

സൂചന. സർക്കാരിന്റെ 30/12/2020 ലെ സിഡിഎൻ/2/101/2020/പൊഭവ നമ്പർ സർക്കുലർ.

ഇൻഡ്യയുടെ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് ജീവൻ ബലികഴിച്ചവരുടെ സ്മരണാർത്ഥം എല്ലാ വർഷവും ഗാന്ധിജിയുടെ രക്തസാക്ഷിദിനമായ ജനുവരി 30-ന് രാജ്യമൊട്ടാകെ രാവിലെ 11 മണി മുതൽ 2 മിനിട്ട് മൗനം ആചരിക്കുന്നു. ഈ സമയം ഓരോരുത്തരും അവരവരുടെ സഞ്ചാരത്തിനും പ്രവർത്തനത്തിനും വിരാമമിട്ട് സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് വീരമൃത്യു വരിച്ചവരെ സ്മരിക്കുന്നു. ആയതിനാൽ ഗാന്ധിജിയുടെ 73-ാമത് രക്തസാക്ഷിത്വ വാർഷികമായ 2021 ജനുവരി 30 ശനിയാഴ്ച രാവിലെ 11.00 മണിക്ക് സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് വീരമൃത്യു വരിച്ചവരെ അനുസ്മരിച്ച് 2 മിനിട്ട് മൗനം ആചരിക്കുന്നതിന്, വകുപ്പിൻ കീഴിലുള്ള എല്ലാ കീഴ് കാര്യാലയങ്ങളിലും കാര്യാലയ മേധാവികൾ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകുന്നു.

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

BINDU GOPINATH
Additional Director i/c
Women and Child Development Department
Thiruvananthapuram-695 012

പകർപ്പ് : എല്ലാ കീഴ് കാര്യാലയങ്ങൾക്കും

SS-20